**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3287** — **11.05.2017 - ൽ മറുപടിക്ക്.**

## നിർമ്മാണ മേഖലയിൽ നിലനിൽക്കുന്ന പ്രതിസന്ധി

ചോദ്യം
ശ്രീ. എ. എം. ആരിഫ്.

മറുപടി
**ശ്രീ. എ. സി. മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).**

| ചോദ്യം | മറുപടി |
|---|---|
| (എ) നിർമ്മാണ മേഖലയിൽ നിലനിൽക്കുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിന് കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ ; | (എ) യും (ബി) യും : നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 28/12/2016, 28/03/2017 എന്നീ തീയതികളിലും ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 13/12/2016-ലും ബഹു. ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 21/03/17-ലും യോഗം കൂടി പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ട്. <br> നിർമാണ മേഖലയ്ക്കാവശ്യമായ ഖനന ഉത്പന്നങ്ങളുടെ ലഭ്യതയ്ക്കായി ഖനനവുമായി ബന്ധപ്പെട്ട പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാ കലക്ടർ ചെയർമാനായി എൻവയോൺമെന്റ് ഇംപാക്ട് അസസ് മെന്റ് അതോറിറ്റികൾ നിലവിൽ വന്നിട്ടുണ്ട്. ഇങ്ങനെ പാരിസ്ഥിതികാനുമതി ദ്രുതഗതിയിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വിവിധ ജില്ലകളിലെ ഡാമുകളിൽ നിന്നും സാങ്കേതിക മാനദണ്ഡമനുസരിച്ച് നീക്കം ചെയ്യാവുന്ന മണൽ നിയമപ്രകാരം അനുവദനീയമായ രീതിയിൽ സംഭരിച്ച് വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുവാൻ അതത് ജില്ലാ കലക്ടർമാരെ |

ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) സിമന്റിന്റെ വില നിയന്ത്രണമില്ലാതെ വർദ്ധിക്കുന്നത് തടയുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ അറിയിക്കാമോ ?

(ബി) : 2017 ഏപ്രിൽ മാസം 50 കിലോഗ്രാമിന്റെ പേപ്പർ ബാഗിന് RAMCO, Sankar, Chettinad, ACC എന്നീ ബ്രാൻഡുകൾക്ക് യഥാക്രമം 411.83, 411.25, 400.93, 419.33 രൂപയായിരുന്നു (state average). മലബാർ സിമന്റ്സിന്റെ പരമാവധി ചില്ലറ വില 405 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. 29/07/2016, 10/05/2017 തീയതികളിൽ സിമന്റ് ഉത്പാദകരുടെയും സിമന്റ് ഡീലർമാരുടെയും യോഗം വിളിച്ച് സിമന്റ് വില വർദ്ധിക്കുന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്തിരുന്നു

സെക്ഷൻ ഓഫീസർ.